# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

തീയതി: 02/02/2018.

വിഷയം:"ലഹരിമുക്ത ഭക്ഷണം"

يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنْصَابُ وَالْأَزْلَامُ رِجْسٌ مِنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ

﴿مائدة: ٩٠﴾

➢ മനുഷ്യൻ ജന്തുലോകത്തിലെ അംഗമാണ്. ഇതര ജന്തുക്കളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഘടകം വിവേകമാണ്. അതില്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമില്ലാതാകും.

സ്വന്തം മകനെ കഴുത്ത് ഞെരിച്ച് കൊന്ന് കത്തിക്കുന്ന അമ്മയും വന്യമൃഗവും തമ്മിൽ എന്താണ് വ്യത്യാസം? കെട്ടിടത്തിന്റെ മുകളിൽ നിന്ന് വീണ് രക്തം വാർന്ന് കിടക്കുന്നവനെ ആശുപത്രിയിൽ എത്തിക്കാതെ സെൽഫി എടുക്കുന്നവർ മനുഷ്യരാണോ? പടുവൃദ്ധയെയും ആറുമാസമായ കുഞ്ഞിനെയും ബലാൽക്കാരം ചെയ്യുന്നവനെ മനുഷ്യൻ എന്ന് വിളിക്കാൻ കഴിയില്ല.

أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ ۚ أُولَٰئِكَ هُمُ الْغَافِلُونَ

﴿اعراف: ١٧٩﴾

➢ അതുകൊണ്ട് തന്നെ മനുഷ്യന്റെ വിവേകം നഷ്ടമാക്കുന്ന വസ്തുക്കൾ ഉപയോഗിക്കുന്നത് മതം കർശനമായി വിലക്കിയിരിക്കുന്നു.

يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنْصَابُ وَالْأَزْلَامُ رِجْسٌ مِنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ* إِنَّمَا يُرِيدُ الشَّيْطَانُ أَنْ يُوقِعَ بَيْنَكُمُ الْعَدَاوَةَ وَالْبَغْضَاءَ فِي الْخَمْرِ وَالْمَيْسِرِ وَيَصُدَّكُمْ عَنْ ذِكْرِ اللَّهِ وَعَنِ الصَّلَاةِ فَهَلْ أَنْتُمْ مُنْتَهُونَ ﴿مائدة: ٩٠،٩١﴾

ഇവിടെ خَمْرٌ എന്നു പറയുന്നത് എല്ലാത്തരം ലഹരി പദാർത്ഥ ങ്ങളെ കുറിച്ചുമാണ്.

عَنْ ابْنِ عُمَرَ قَالَ قَالَ رَسُولُ اللَّهِ ﷺ كُلُّ مُسْكِرٍ خَمْرٌ وَكُلُّ مُسْكِرٍ حَرَامٌ (مسلم)

رِجْسٌ എന്നാൽ അഴുക്ക് എന്നാണ്.

الرِّجْسُ الشَّيْئُ الْقَذِرُ (مفردات)

സ്ഥിരമായി അഴുക്ക്ചാലിലെ വെള്ളം കുടിക്കുന്ന ഒരാളുടെ അവസ്ഥ എത്ര മോശമായിരിക്കും. മാരകരോഗിയാകും. അതു പോലെയാണ് ലഹരി പദാർത്ഥങ്ങളും ലഹരികലർന്ന ഭക്ഷ്യവ സ്തുക്കളും. ആന്തരാവയവങ്ങളെ കാർന്ന് തിന്നും. മാരകരോഗി യാകും.

➢ ഇന്ന് ലഹരിപദാർത്ഥങ്ങൾ സാർവ്വത്രീകപികമായിരിക്കുന്നു. വിവിധ ഇനം നാടനും വിദേശിയും. കൂടാതെ സുഗന്ധ മുറു ക്കാൻ മുതൽ പെട്ടിക്കടയിൽ പോലും ലഭിക്കുന്ന വിവിധ പാ ക്കറ്റുകൾ. സ്കൂൾ പരിസരങ്ങളിൽ ലഭിക്കുന്ന മിഠായി മുതൽ പല ഐറ്റങ്ങൾ. വിവിധ മരുന്നുകൾ കൂട്ടിച്ചേർത്ത് ഉണ്ടാക്കുന്ന ലായനികൾ. NO ALCOHOLIC ആയി അറിയപ്പെടുന്ന പാനീയ ങ്ങൾ. അവയിൽ സ്റ്റിക്കൽ ഉണ്ടെങ്കിലും പലതും സംശയകരമാ ണ്. അതിന്റെ മറവിൽ വ്യാജന്മാർ വേറെയും.

കൂടാതെ പല ഭക്ഷണപദാർത്ഥങ്ങളും രുചികരമാകാ നോ കേടാകാതെ ദിവസങ്ങൾ ഇരിക്കാനോ ലഹരി ചേർക്കുന്നു. അങ്ങനെ പുതിയ പേരിൽ നാം ലഹരി ഉൽപ്പന്നങ്ങൾ കഴിക്കു ന്നവരായി.

عَنْ أَبِي أُمَامَةَ؛ قَالَ رَسُولُ اللَّهِ ﷺ لَا تَذْهَبُ اللَّيَالِي وَالْأَيَّامُ حَتَّى تَشْرَبَ فِيهَا طَائِفَةٌ مِنْ أُمَّتِي الْخَمْرَ يُسَمُّونَهَا بِغَيْرِ اسْمِهَا(ابن ماجه)

➢ ഇത് നമ്മുടെ ദീനും പരലോകവും നഷ്ടപ്പെടുത്തുന്ന വലിയ ദുരന്തമാണ്.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ ﷺ قَالَ لَا يَشْرَبُ الْخَمْرَ حِينَ يَشْرَبُ وَهُوَ مُؤْمِنٌ (بخاري)

عَنْ عَبْدِ اللَّهِ بْنِ عُمَرَ قَالَ رَسُولُ اللَّهِ ﷺ مَنْ شَرِبَ الْخَمْرَ لَمْ يَقْبَلْ اللَّهُ لَهُ صَلَاةً أَرْبَعِينَ صَبَاحًا فَإِنْ تَابَ تَابَ اللَّهُ عَلَيْهِ فَإِنْ عَادَ لَمْ يَقْبَلْ اللَّهُ لَهُ صَلَاةً أَرْبَعِينَ صَبَاحًا فَإِنْ تَابَ تَابَ اللَّهُ عَلَيْهِ فَإِنْ عَادَ لَمْ يَقْبَلْ اللَّهُ لَهُ صَلَاةً أَرْبَعِينَ صَبَاحًا فَإِنْ تَابَ تَابَ اللَّهُ عَلَيْهِ فَإِنْ عَادَ الرَّابِعَةَ لَمْ يَقْبَلْ اللَّهُ لَهُ صَلَاةً أَرْبَعِينَ صَبَاحًا فَإِنْ تَابَ لَمْ يَتُبْ اللَّهُ عَلَيْهِ وَسَقَاهُ مِنْ نَهْرِ الْخَبَالِ قِيلَ يَا أَبَا عَبْدِ الرَّحْمَنِ وَمَا نَهْرُ الْخَبَالِ قَالَ نَهْرٌ مِنْ صَدِيدِ أَهْلِ النَّارِ (مسلم)

➢ ഇത്തരം വസ്തുക്കൾ കഴിക്കുന്നതുപോലെ തന്നെ കുറ്റകരമാണ് അവ വിൽക്കുന്നതും വിതരണം നടത്തുന്നതും.

عَنْ ابْنِ عُمَرَ قَالَ رَسُولُ اللَّهِ ﷺ لَعَنَ اللَّهُ الْخَمْرَ وَشَارِبَهَا وَسَاقِيَهَا وَمُبْتَاعَهَا وَبَائِعَهَا وَعَاصِرَهَا وَمُعْتَصِرَهَا وَحَامِلَهَا وَالْمَحْمُولَةَ(أبوداود)

➢ ഇതോടൊപ്പം ചേർത്ത് പറയേണ്ട മറ്റൊരു കാര്യമാണ് പുക വലി. ഇത് നിഷിദ്ധ എന്നു പറയാനാവില്ലെങ്കിലും അനേകം രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്.

ദുർഗന്ധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പള്ളിയിൽ ഹാജരാകരുത് എന്ന് പറയുന്നിടത്ത് പുകവലി അതിൽപെട്ടതാണെന്ന് കർമ്മശാസ്ത്രം വിവരിക്കുന്നുണ്ട്.

وَمِنَ الرِّيحِ الْكَرِيهَةِ رِيحُ الدُّخَانِ الْمَشْهُورِ الْآنَ (شرواني)

(وَأَكْلِ ذِي رِيحٍ كَرِيهٍ) وَأَنْ لَا يَدْخُلَ الْمَسْجِدَ لِإِيذَائِهِ الْمَلَائِكَةَ وَمِنْ ثَمَّ كُرِهَ لِآكِلِ ذَلِكَ وَلَوْ لِعُذْرٍ فِيمَا يَظْهَرُ الِاجْتِمَاعُ بِالنَّاسِ وَكَذَا دُخُولُهُ الْمَسْجِدَ بِلَا ضَرُورَةٍ وَلَوْ خَالِيًا (تحفة)

(= ദുർഗന്ധമുള്ളത് കഴിച്ച് പള്ളിയിൽ കടക്കരുത്. അത് മലക്കുകൾക്ക് പ്രയാസമുണ്ടാകും. അതുകൊണ്ട് അവ കഴിച്ചവർ ജന സമ്പർക്കം നടത്തലും പള്ളിയിൽ കടക്കലും കറാഹത്താണ്. പള്ളിയിൽ ആളില്ലാത്തപ്പോഴായാലും)

وَيُؤْخَذُ مِنْهُ كَرَاهَةُ التَّحْرِيمِ فِي الْمَسْجِدِ لِلنَّهْيِ الْوَارِدِ فِي الثُّومِ وَالْبَصَلِ وَهُوَ مُلْحَقٌ بِهِمَا (د المختار)

(= ഉള്ളി തിന്നവർ പള്ളിയിൽ കടക്കൽ നിരോധിക്കപ്പെട്ടിട്ടുള്ള തിനാൽ അങ്ങനെ ചെയ്യൽ മക്റൂഹ് തഹ്‌രീമാണ്. പുകവലി ഉള്ളി കഴിച്ചപോലെ കണക്കാക്കപ്പെടും.)

عن ابن عمر رضي الله عنهما أن النبي ﷺ قال : مَنْ أَكَلَ مِنْ هَذِهِ الشَّجَرَةِ (يَعْنِي الثُّومَ) ، فَلَا يَقْرَبَنَّ مَسْجِدَنَا (بخاري)

പള്ളി കൊമ്പൗണ്ടിലും ഹൗളിൻ കരയിലും വെച്ച് വലിച്ച് തീർത്ത ശേഷം പള്ളിയിൽ കടക്കുന്നത് ഗൗരവമായി കാണണം. ദുർഗന്ധം അകറ്റിയശേഷമേ ജമാഅത്തിൽ പങ്കെടുക്കാവൂ. ഇതെല്ലാം ഗൗരവമായി ശ്രദ്ധിക്കേ  തിരുചര്യകളാണ്. നബി (സ) ഇഷ്ടവും വെറുപ്പും നാം പരിഗണിക്കുമ്പോഴാണ് യഥാർത്ഥ വിശ്വാസികളായിത്തീരുന്നത്.